LIBRARY ARCHIVES Kerala Legislative Assembly

മാഫിയകൾക്കെതിരെയുള്ള നടപടികൾ

154(5743) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാഫിയകൾക്കെതിരെയുള്ള നടപടിക്കൾക്കായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് മാഫിയ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി പ്രത്യേകം നിരീക്ഷണങ്ങൾ നടത്തുകയും പൊതുജനങ്ങളിൽനിന്നും രഹസ്യമായി വിവരങ്ങൾ ശേഖരിച്ചും പൊതുജനങ്ങളുടെ പരാതികളിൽ ഉടനടി കർശന നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. ഓപ്പറേഷൻ സുരക്ഷ പോലുള്ള നടപടികളിലൂടെ കൂടുതൽ റെയ്ഡുകളും മറ്റും നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികളെടുത്തും ഓപ്പറേഷൻ കുബേരയിലൂടെ അമിത പലിശക്കാർക്കും ബ്ലേഡ് മാഫിയകൾക്കുമെതിരെ കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ തട്ടിപ്പുകളെ സംബന്ധിച്ച് ജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുജനങ്ങളുടെ സൈര്യജീവിതം ഉറപ്പാക്കുകയും ക്രമസമാധാനം കുറ്റമറ്റ രീതിയിൽ നടപ്പാക്കുകയുമാണ് ലക്ഷ്യമിടുന്നത്.

(സി) 'ഓപ്പറേഷൻ കുബേര', 'ഓപ്പറേഷൻ സുരക്ഷ' എന്നീ പദ്ധതികളനുസരിച്ചും കാപ്പാ ആക്ടും നിലവിലുള്ള മറ്റ് നിയമങ്ങൾ പ്രകാരവും റെയ്ഡുകളും പരിശോധനകളും നടത്തി മാഫിയ പ്രവർത്തനങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന് പുറമെ രഹസ്യ നിരീക്ഷണവും ശക്തമായ പോലീസ് പട്രോളിംഗും നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.